**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1674** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി ഐ. എച്ച്. ആർ. ഡിയുടെ അംഗീകാരം നിലനിർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞിരപ്പള്ളി ഐ. എച്ച്. ആർ. ഡിയുടെ അംഗീകാരം നിലനിർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി ഐ. എച്ച്. ആർ. ഡിയുടെ അംഗീകാരം നിലനിർത്തുന്നതിന്, കോളേജിന് 5 ഏക്കർ സ്ഥലം വേണമെന്ന U.G.C നിബന്ധന പൂർത്തികരിക്കുന്നതിന്റെ ഭാഗമായി ഐ. എച്ച്. ആർ. ഡിയുടെ പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജ് കാമ്പസിലേക്ക് കാഞ്ഞിരപ്പള്ളി അപ്ലൈഡ് സയൻസ് കോളേജിന് 5 ഏക്കർ സ്ഥലം ഡിമാർക്കേറ്റ് ചെയ്ത്, കോളേജ് ഷിഫ്റ്റ് ചെയ്യുവാൻ 17.06.2020ലെ ഐ. എച്ച്. ആർ. ഡിയുടെ 101-ാ മത് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിരുന്നു. കോളേജിന് ആവശ്യമായ സ്ഥലം കണ്ടെത്തി എം.എൽ.എയുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടം ഒരു വർഷത്തിനകം നിർമ്മിച്ച നൽകാൻ തയ്യാറാണെന്നും ആയതിനാൽ കോളേജ് കാഞ്ഞിരപ്പിള്ളിയിൽ തന്നെ തുടരാൻ അനുവദിക്കണമെന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോളേജ് ഒരു വർഷം കൂടി കാഞ്ഞിരപ്പള്ളിയിൽ തന്നെ തുടരുവാൻ തീരുമാനിച്ചു. ഈ വിഷയത്തിൽ 04.08.2021-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ. എച്ച്. ആർ. ഡി തുടർ നടപടികൾ സ്വീകരിച്ച വരുന്നു. |
| (ബി) | സർവകലാശാലയുടെ അഫിലിയേഷൻ നിലനിർത്താൻ ആവശ്യമായ സ്ഥലസൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച മന്ത്രിതല യോഗത്തിന്റെ മിനിട്സ് തയ്യാറായിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. ടി മിനിട്ട്സിന്റെ അടിസ്ഥാനത്തിൽ ഐ. എച്ച്. ആർ. ഡി ഡയറക്ടറേറ്റിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഐ എച് ആർ ഡി യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത സ്ഥാപനങ്ങളുടെ വിഷയം ചർച്ച ചെയ്യുന്നതിനായി 04.08.2021, 4 PM ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിലെ ചേംബറിൽ വച്ച് കൂടിയ മീറ്റിംഗിന്റെ മിനിറ്റ്സ്.**

മീറ്റിംഗ് 4 PM ന് ആരംഭിച്ചു. പങ്കെടുത്തവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

മീറ്റിംഗിൽ പങ്കെടുത്ത ബഹു. എം എൽ എ മാരെയും മറ്റുള്ളവരെയും ബഹു. ഉന്നത വിദ്യാഭാസ വകുപ്പ് മന്ത്രി സ്വാഗതം ചെയ്തു.

ഐ എച് ആർ ഡി യുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ സ്വന്തമായി ഭൂമി ലഭ്യമല്ലാത്ത താഴെ പറയുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു.

1. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി
2. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര
3. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന
4. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം
5. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്; നാദാപുരം
6. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മീനങ്ങാടി
7. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കൂത്തുപറമ്പ
8. കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അട്ടപ്പാടി
9. ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ, മല്ലപ്പള്ളി

അപ്ലൈഡ് സയൻസ് കോളേജുകൾക്ക് യൂണിവേഴ്സിറ്റി മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ ഭൂമിയും കെട്ടിടങ്ങളും ഇല്ലാത്തതിനാൽ കോളേജുകളുടെ അഫിലിയേഷൻ തന്നെ നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. ഇത്തരം സ്ഥാപനങ്ങൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് മൂലം കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും അക്കാദമിക് അന്തരീക്ഷവും ഒരുക്കുവാനോ പുതിയ കോഴ്സുകൾ ആരംഭിക്കുവാനോ കഴിയുന്നില്ല. ഇത് കാരണം പഠനത്തിനായി എത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും ഗണ്യമായ കുറവ് വരുന്നു. മാത്രമല്ല വാടക ഇനത്തിൽ മാസാമാസം നല്ലൊരു തുക ഐ എച് ആർ ഡി ക്ക് ചിലവാകുകയും ചെയ്യുന്നു. ഐ എച് ആർ ഡി യുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ചു ടി സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൂമി വില കൊടുത്തു വാങ്ങുവാൻ കഴിയുകയില്ല. ഈ സാഹചര്യങ്ങളിൽ സർക്കാർ ഭൂമിയോ തദ്ദേശ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയോ സൗജന്യമായി അനുവദിച്ചു തരുകയാണെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ കഴിയുകയുള്ളു..

വിഷയം ബഹു. മന്ത്രി ,എം എൽ എ മാരുമായി വിശദമായി ചർച്ച ചെയ്യുകയും, ഓരോ സ്ഥാപനങ്ങളെ സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. **<u>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി</u>**

കാഞ്ഞിരപ്പള്ളിയിൽ കോളജിനായി 5 ഏക്കർ ഭൂമി കണ്ടെത്തുക എന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ബഹു. കാഞ്ഞിരപ്പള്ളി എം എൽ എ, ഡോ എൻ. ജയരാജ് അറിയിച്ചു. കോളേജിന് വേണ്ടി 1 ഏക്കർ ഭൂമി 1 വർഷത്തിനകം കണ്ടെത്തി ലഭ്യമാക്കാമെന്നു അദ്ദേഹം ഉറപ്പു നൽകി. യൂണിവേഴ്സിറ്റി നിബന്ധന അനുസരിച്ചു വേണ്ടി വരുന്ന ബാക്കി 4 ഏക്കർ സ്ഥലത്തിന് വേണ്ടി സമീപത്തെ പൊതു കളിസ്ഥലങ്ങൾ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണെന്നു ബഹു. എംഎൽഎ അറിയിച്ചു. ആസ്തി വികസന ഫണ്ട് ഉപയോഗിച്ചു ആവശ്യമായ കെട്ടിടങ്ങൾ നിർമിച്ചു നൽകാമെന്നും അദ്ദേഹം അറിയിച്ചു.

ബഹു. എം എൽ എ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

2. **<u>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, മലപ്പുറം</u>**

മലപ്പുറത്ത് പാണക്കാട്ടുള്ള KSIDC industrial Parkൽ കോളേജിന് ആവശ്യമായ ഭൂമി ലഭ്യമാണെന്ന് ബഹു. മലപ്പുറം എം എൽ എ ശ്രീ. പി. ഉബൈദുള്ള അറിയിച്ചു. പ്രസ്തുത ഭൂമി കോളജിനായി അനുവദിക്കണം എന്ന് ഐ എച് ആർ ഡി മുൻപ് അഭ്യർഥിച്ചിരുന്നതാണെന്നും എന്നാൽ സർക്കാർ പ്രസ്തുത ഭൂമി അനുവദിക്കാൻ കഴിയില്ല എന്നാണ് അറിയിച്ചതെന്നും ഡയറക്ടർ സൂചിപ്പിച്ചു.

ഈ സാഹചര്യത്തിൽ മലപ്പുറത്ത് പാണക്കാട്ടുള്ള KSIDC industrial Parkൽ കോളേജിന് ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് ബഹു. വ്യവസായ വകുപ്പ് മന്ത്രിയും ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും പങ്കെടുക്കുന്ന ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

3. **<u>കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, നാദാപുരം</u>**

കോളജിനായി അനുവദിച്ച ഭൂമി കെട്ടിട നിർമ്മാണത്തിന് യോഗ്യമല്ലാത്തതിനാൽ മറ്റു ഭൂമി കണ്ടെത്തി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് ബഹു. നാദാപുരം എം എൽ എ ശ്രീ. ഇ.കെ.വിജയൻ അറിയിച്ചു.

4. **കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കൂത്തുപറമ്പ**

കോളജിനായി മുൻപ് അനുവദിച്ച 15.83 ഏക്കർ ഭൂമി പിന്നീട് 5 ഏക്കറായി സർക്കാർ നിജപ്പെടുത്തി. എന്നാൽ 5 ഏക്കർ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയില്ല. പ്രസ്തുത വിഷയം ഇപ്പോൾ മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിച്ചിരിക്കുകയാണെന്നു ബഹു. കൂത്തുപറമ്പ എം എൽ എ ശ്രീ. കെ.പി.മോഹനൻ അറിയിച്ചു. പ്രസ്തുത സ്ഥലത്തു ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള കെട്ടിട നിർമാണം ഏകദേശം പൂർത്തിയായി വരുന്നു. എന്നാൽ ലീസ് ഉടമ്പടി വെക്കാത്തതിനാൽ ഇതേ വരെ കെട്ടിടത്തിന് നമ്പറും വൈദ്യുതി കണക്ഷനും മറ്റും ലഭ്യമായിട്ടില്ല. മാത്രമല്ല അനുവദിക്കുന്ന ഭൂമിയുടെ കമ്പോള വിലയുടെ 2 % നിരക്കിൽ പാട്ടതുക തീരുമാനിച്ചാൽ ഐ എച് ആർ ഡി ക്ക് വർഷാവർഷം വലിയ തുക നൽകേണ്ടിവരും. ആയതിനാൽ 5 ഏക്കർ ഭൂമി സൗജന്യ നിരക്കിലോ നാമ മാത്രമായ പാട്ട നിരക്കിലോ ഐ എച് ആർ ഡി ക്ക് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരികരിക്കണമെന്നു എം എൽ എ അഭ്യർഥിച്ചു.

ഇക്കാര്യത്തിൽ മന്ത്രിസഭയുടെ തീരുമാനം വന്നതിനു ശേഷം തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

5. **കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അട്ടപ്പാടി**

Attappady Valley Irrigation Project ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആണ് നിലവിൽ കോളേജ് പ്രവർത്തിച്ചു വരുന്നത്. ഈ ക്യാമ്പസ്സിൽ തന്നെ കോളേജിന് ആവശ്യമായ ഭൂമി ലഭ്യമാണെന്ന് ബഹു. മണർകാട് എം എൽ എ ശ്രീ. എൻ.ഷംസുദീൻ അറിയിച്ചു.

പ്രസ്തുത സ്ഥലം കോളേജിന് അനുവദിക്കുന്നത് സംബന്ധിച്ചു ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ബഹു. ജലവിഭവ വകുപ്പ് മന്ത്രിയും പങ്കെടുക്കുന്ന ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര, കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന, കോളജ് ഓഫ് അപ്ലൈഡ് സയൻസ്, മീനങ്ങാടി, ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ, മല്ലപ്പള്ളി എന്നീ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന മണ്ഡലങ്ങളിലെ എം എൽ എ മാർ യോഗത്തിൽ പങ്കെടുക്കാതിരുന്നതിനാൽ, പ്രസ്തുത സ്ഥാപനങ്ങളുടെ വിഷയങ്ങൾ അവരുമായി പിന്നീട് ചർച്ച ചെയ്യുവാൻ തീരുമാനിച്ചു.

യോഗം 5 PM ന് അവസാനിച്ചു.

മീറ്റിംഗിൽ പങ്കെടുത്തവർ

1. ഡോ. ആർ .ബിന്ദു,
   ബഹു. ഉന്നത വിദ്യാഭാസ വകുപ്പ് മന്ത്രി
2. ഡോ. എൻ.ജയരാജ്,
   ബഹു. ഗവ. ചീഫ് വിപ്പ് & എം എൽ എ, കാഞ്ഞിരപ്പള്ളി
3. ശ്രീ. പി. ഉബൈദുള്ള,
   ബഹു. എം എൽ എ , മലപ്പുറം
4. ശ്രീ. ഇ.കെ.വിജയൻ,
   ബഹു. എം എൽ എ, നാദാപുരം
5. ശ്രീ. കെ.പി.മോഹനൻ,
   ബഹു. എം എൽ എ, കൂത്തുപറമ്പ
6. ശ്രീ. എൻ. ഷംസുദീൻ,
   ബഹു. എം.എൽ എ, മണ്ണാർക്കാട്
7. ശ്രീ. സി.അജയൻ,
   അഡിഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
8. ഡോ. പി. സുരേഷ് കുമാർ, ഡയറക്ടർ, ഐ എച് ആർ ഡി

Shini
സെക്ഷൻ ഓഫീസർ